പോലീസ് സൂപ്രണ്ട് നൽകിയ മറുപടിയിൽ 164 സ്റ്റേറ്റുമെന്റ് പ്രകാരമുള്ള പരാമർശങ്ങൾ പ്രസ്തുത യൂണിറ്റിൽ നടന്നുവരുന്ന അന്വേഷണ വിഷയത്തിന്റെ ഭാഗമല്ലാത്തതിനാൽ പ്രസ്തുത പരാമർശങ്ങളെ സംബന്ധിച്ച് മറ്റൊരു അന്വേഷണം തന്നെ നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാരണത്താലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മദ്ധ്യമേഖല പോലീസ് സൂപ്രണ്ടിനോട് അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു കോമ്പീറ്റന്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അന്വേഷണം ഏൽപ്പിക്കാൻ നിർദ്ദേശിച്ചത്. ശ്രീ. കെ. എം. മാണിക്കെതിരെയുള്ള സത്യരാന്വേഷണം നടത്തിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ദക്ഷിണമേഖലാ പോലീസ് സൂപ്രണ്ടാണ്. അതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മദ്ധ്യമേഖല പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിയതിൽ അപാകതയില്ല. യൂണിറ്റിന്റെ ജോലിഭാരവും മറ്റും കണക്കിലെടുത്ത് ഡയറക്ടർ തീരുമാനിക്കുന്നത് ഒരു ഭരണപരമായ നടപടിയാണ്.

(ബി) ഇല്ല.

(സി) പ്രസ്തുത വിഷയം സംബന്ധിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി 'ലളിതകുമാരി' കേസ്സിൽ നിർദ്ദേശിച്ചിട്ടുള്ള നിയമാനുസൃതമായ പ്രാഥമിക അന്വേഷണമാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയത്.

(ഡി) നിലവിൽ പുറത്ത് വന്നിട്ടുള്ള ആരോപണങ്ങൾ എല്ലാം സത്യസന്ധമായ അന്വേഷണത്തിന് വിധേയമാക്കിയിട്ടുള്ളതാണ്.

ബാർ കോഴകേസ്

305 (315) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴകേസിൽ തിരുവനന്തപുരത്തെ വിജിലൻസ് കോടതിയിൽ നിന്നുണ്ടായ വിധി എന്തായിരുന്നു; വിധി പ്രസ്താവം വിശദമാക്കാമോ ;

(ബി) വിജിലൻസ് സമർപ്പിച്ച അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതി അംഗീകരിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻ ധനമന്ത്രി രണ്ട് തവണകളായി കോഴവാങ്ങിയ ആക്ഷേപത്തിൽ, വിജിലൻസ് അന്വേഷണ സംഘത്തിന് തെളിവുകൾ ലഭിച്ചിട്ടുണ്ടായിരുന്നോ ; പ്രസ്തുത കേസിന്റെ ക്വിക് വെരിഫിക്കേഷനിൽ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് കണ്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നോ ;

(ഡി) വിധിയിൽ വിജിലൻസ് ഡയറക്ടറുടെ എന്തെല്ലാം നടപടികളെയാണ് കോടതി വിമർശിച്ചിരിക്കുന്നത്; വിശദമാക്കുമോ ;

(ഇ) അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് മറികടന്ന് ധനമന്ത്രി ശ്രീ. കറ്റവിമുക്തനാക്കികൊണ്ട് വിജിലൻസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം കോടതിയുടെ വിമർശനം ഏറ്റുവാങ്ങുകയുണ്ടായോ ;

(എഫ്) വിധിയെ തുടർന്ന് വിജിലൻസിന് സ്വീകരിക്കേണ്ടിവന്ന തുടർ നടപടികൾ വിശദമാക്കാമോ ;

(ജി) ധനമന്ത്രി രാജിവെച്ച് ഒഴിഞ്ഞുപോകേണ്ടതായിവന്നകാര്യം വിജിലൻസ് പരിഗണിച്ചിട്ടുണ്ടോ ; ആരോപിതർ മന്ത്രിമാരാകുമ്പോൾ വിജിലൻസ് സത്യസന്ധമായ അന്വേഷണത്തിന് തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പരിശോധിക്കുമോ ?

<u>ഉത്തരം</u>

(എ) 29-10-2015 തീയതിയിലെ തിരുവനന്തപുരം വിജിലൻസ് കോടതിയിലെ ഉത്തരവിൽ ബാർ കോഴ കേസിൽ പുനരന്വേഷണം നടത്താനാണ് വിധി പ്രസ്താവിച്ചത്.

(ബി) ഇല്ല.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർചെയ്ത് വിജിലൻസ് കേസ് അന്വേഷണം നടത്തിയത്. (വി.സി.06/2014/എസ്.ഐ.യു I) കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് അഭികാമ്യമല്ല.

(ഡി-ജി) വിജിലൻസ് ഡയറക്ടർക്ക് വിജിലൻസ് മാന്വലും സി.ആർ.പി.സി.യും നൽകിയ അധികാരങ്ങൾ അനുസരിച്ചിട്ടുള്ള നടപടി മാത്രമാണ് ടി കേസ് അന്വേഷണത്തിലും സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി കേസിന്റെ അന്വേഷണത്തിൽ ഇടപെടാനുള്ള ഡയറക്ടറുടെ അധികാരം ശരിവച്ചിരിക്കുന്നു. ഉന്നത പോലീസ് ഉദ്യോഗസ്ഥനായ വിജിലൻസ് ഡയറക്ടർക്ക് തന്റെകീഴിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശം നൽകാൻ അധികാരമില്ലെന്ന വിജിലൻസ് കോടതി വിധിക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയും വിജിലൻസ് ഡയറക്ടറുടെ നിലവിലുള്ള അധികാരം നിലനിർത്തി ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. കൂടാതെ കേസിന്റെ തുടരന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിക്കൊണ്ടിരിക്കുകയാണ്. ധനമന്ത്രി രാജിവെച്ച് ഒഴിഞ്ഞുപോകേണ്ടതായി വന്നകാര്യം വിജിലൻസ് പരിഗണിച്ചിട്ടില്ല. വിജിലൻസ് അന്വേഷണം സത്യസന്ധമായിട്ട് തന്നെയാണ് നടത്തിവരുന്നത്.

ബാർ കോഴ കേസ്

306 (316) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴ കേസിൽ ഹൈക്കോടതിയിൽ കേസ് വാദിച്ച അഡ്വക്കേറ്റ് കപിൽ സിബലിനുള്ള ഫീസ് എത്രയാണ് ; അത് നൽകുന്നത് ആരാണ് ;

(ബി) കോഴവാങ്ങിയ ആളിൽനിന്നും ഫീസ് തുക ഈടാക്കാൻ സാധ്യമാണോ ; നിയമവശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കോഴ തുക പിടിച്ചെടുക്കാൻ ശ്രമംനടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പിടിച്ചെടുത്ത തുക എത്ര ; ഏത് നിലയിലുള്ള നടപടികളിലൂടെയാണ് കോഴ തുക പിടിച്ചെടുക്കാൻ ശ്രമിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിവിരം ശേഖരിച്ചുവരുന്നു.

(ബി) കുറ്റാരോപിതനെതിരെയുള്ള കേസിന്റെ പുനരന്വേഷണം തടസ്സപ്പെടുത്താതെ വിജിലൻസ് ഡയറക്ടറുടെ അധികാരം നിലനിർത്താൻ ആവശ്യപ്പെട്ടതായ റിട്ട് ഹർജിയിൻമേൽ സർക്കാർ ഭാഗം ഹാജരായ അഭിഭാഷകന്റെ ഫീസ് കുറ്റാരോപിതനിൽ നിന്നും ഈടാക്കാൻ വ്യവസ്ഥയില്ല. കൂടാതെ പ്രതിക്കെതിരായിട്ടുള്ള ഈ കേസ് ഇപ്പോഴും അന്വേഷണാവസ്ഥയിലാണ്.

(സി) കേസ് അന്വേഷണാവസ്ഥയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly